**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1309** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഡെപ്യൂട്ടേഷനിൽ എം.ടെക് ചെയ്യുന്നതിനെ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ പൊതുമരാമത്ത് വകുപ്പിൽ സിവിൽ എഞ്ചിനീയനീയറിങ്ങ് വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷനിൽ ശമ്പളത്തോട് കൂടി എം.ടെക് ചെയ്യുന്നതിന് ഒരു വർഷം വരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ, സിവിൽ എൻജിനിയറിങ് വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷനിൽ, എം.ടെക് ചെയ്യുന്നതിന് അതാത് ജീവനക്കാരുടെ ശമ്പളയിനത്തിൽ നൽകേണ്ട തുകയാണ് ചെലവാകുന്നത്. നിലവിൽ ഒരു വർഷത്തേയ്ക്ക് ആകെ 43,92,255/- രൂപ ചെലവാകുന്നുണ്ട്. |
| (ബി) | പൊതുമരാമത്ത് - സിവിൽ എഞ്ചിനീയറിംങ്ങ് വിഭാഗത്തിൽ നിലവിൽ എം.ടെക് (സ്ട്രക്ചറൽ, ട്രാൻസ്പോർട്ടേഷൻ, എൻവയോൺമെന്റൽ, ജിയോടെക് വിഭാഗങ്ങളിൽ) യോഗ്യതയുള്ള ജീവനക്കാരുടെ എണ്ണം എത്ര? | (ബി) | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയുടെ അടിസ്ഥാന യോഗ്യത B.Tech in Civil Engineering ആണ്. ആയതിനാൽ എം.ടെക് യോഗ്യതയുള്ള ജീവനക്കാരുടെ എം.ടെക് സർട്ടിഫിക്കറ്റ് പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ